# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3325** **18.02.2013 ലെ മറുപടിക്ക്**

സംസ്ഥാനത്തെ പ്രവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) സംസ്ഥാനത്തെ പ്രവാസികൾ അനുഭവിക്കുന്ന വിഭിന്നങ്ങളായ പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠനങ്ങളിൽ കണ്ടെത്തിയ വസ്തുതകൾ, നിർദ്ദേശങ്ങൾ എന്നിവ വിശദീകരിക്കാമോ; | (എ) | കേരള പ്രവാസികാര്യ വകുപ്പിനുവേണ്ടി സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസിലെ രാജ്യാന്തര കുടിയേറ്റ ഗവേഷണ കേന്ദ്രം, 2001 ലെ ഗൾഫ് മൈഗ്രേഷൻ സർവ്വേ, 2007 ലെ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി, 2008 ലെ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി, 2011 ലെ കേരള മൈഗ്രേഷൻ സർവ്വേ എന്നിവ നടത്തിയിട്ടുണ്ട്.<br>പ്രവാസികളെക്കുറിച്ചും പ്രവാസ ജീവിതം കഴിഞ്ഞ് തിരികെ വന്നവരെക്കുറിച്ചും അവരുടെ കുടുംബ പശ്ചാത്തലം, കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, സംസ്ഥാന സമ്പദ്ഘടനയിലും സാമൂഹ്യ ഘടന- |

യിലും അവർ ചെലുത്തിയ സ്വാധീനം എന്നിവയെക്കുറിച്ചുള്ള സമഗ്രവിവരങ്ങളും സ്ഥിതി വിവരക്കണക്കുകളും ശേഖരിക്കുകയായിരുന്നു ലക്ഷ്യം.

താഴെപ്പറയുന്നവയായിരുന്നു ഈ സർവ്വേകളിലെ കണ്ടെത്തലുകൾ.

1. വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നവരുടെയും വിദേശ രാജ്യങ്ങളിൽ നിന്ന് തിരിച്ച് വരുന്നവരുടെയും സംഖ്യ 2008 -ാം ആണ്ടിനെ അപേക്ഷിച്ച് കൂടിയിട്ടുണ്ട്;

2. 2011 - ലെ കണക്ക് പ്രകാരം ഓരോ നൂറ് വീടുകളിലും 44 പേർ ഇപ്പോൾ പ്രവാസ ജീവിതം നയിച്ചുവരുന്നവരോ, പ്രവാസ ജീവിതം കഴിഞ്ഞ് തിരികെ വന്നവരോ ആണ്;

3. കേരളത്തിലെ ജില്ലകളിൽ മലപ്പുറം ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ളത്. എന്നാൽ കാലക്രമേണ ഈ മുൻതൂക്കം കുറഞ്ഞ് വരുന്നതായി കാണുന്നു;

4. വിദേശ രാജ്യങ്ങളിൽ കേരളത്തിൽ നിന്ന് ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ളത് ഗൾഫ് മേഖലയിലാണ്;

5. കേരളത്തിൽ നിന്നുള്ള

| | | |
|---|---|---|
| | | പ്രവാസികളിൽ ഏറ്റവും കൂടുതൽ പേർ ഇസ്ലാം മതത്തിൽ നിന്നുള്ളവരാണ്;<br>6. വിദേശത്ത് പോകുവാനുള്ള ചെലവ് ഏറിയിട്ടുണ്ട്;<br>7. വിദേശത്ത് നിന്ന് പ്രവാസികൾ അയയ്ക്കുന്ന സംഖ്യ 2008 ൽ ഉള്ളതിനെക്കാൾ 114% മായി കൂടിയിട്ടുണ്ട്;<br>8. സംസ്ഥാനത്തെ ജനങ്ങളുടെ ശരാശരി വിദ്യാഭ്യാസത്തേക്കാൾ കൂടുതൽ വിദ്യാഭ്യാസം പ്രവാസികൾക്കുണ്ട്.<br>9. കേരളത്തിനകത്ത് നിന്ന് ഇന്ത്യയിലുള്ള മറ്റ് സംസ്ഥാനങ്ങ-ളിലേയ്ക്ക് പോകുന്ന പ്രവാസി മലയാളികളിൽ ഭൂരിഭാഗവും പുരുഷന്മാരാണെങ്കിലും 20-24 പ്രായവിഭാഗത്തിൽ സ്ത്രീകളാണ് പുരുഷന്മാരെക്കാൾ കൂടുതൽ. |
| (ബി) പ്രവാസികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സമഗ്രമായി പഠിക്കുന്നതിനും ക്ഷേമപ്രവർത്ത-നങ്ങൾ നടത്തുന്നതിനും ഒരു കമ്മിഷനെ നിയമിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) നിലവിലുള്ള കുടിയേറ്റ നിയമത്തിൽ സംസ്ഥാനത്തിന്റെ സാഹചര്യം പഠിച്ച് ആവശ്യമായ ഭേദഗതികളും പരിഷ്കാരങ്ങളും വരുത്തുന്നതിനായി കേന്ദ്ര തലത്തിൽ ഇടപെടുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; ഇതിനായി ഒരു സർവ്വ കക്ഷി സംഘത്തെ നിശ്ചയിക്കുമോ; | (സി) | കുടിയേറ്റ നിയമം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽപ്പെട്ട വിഷയമാണ്. നിലവിലുള്ള കുടിയേറ്റ നിയമത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കുന്നതിനും ഭേദഗതികൾ ആവശ്യമാണെങ്കിൽ നിർദ്ദേശിക്കുന്നതിനും കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള ഇന്റർ മിനിസ്റ്റീരിയൽ കോർ ഗ്രൂപ്പിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) പ്രവാസികൾക്ക് നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ കൃത്യമായി അർഹതപ്പെട്ടവർക്ക് ലഭ്യമാവുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇത് മോണിറ്റർ ചെയ്യാൻ ഫലപ്രദമായ സംവിധാനം നടപ്പിലാക്കുമോ ? | (ഡി) | പ്രവാസികൾക്ക് നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ കൃത്യമായി അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനായി ടി പദ്ധതികൾ സർക്കാരിന്റെ നിർവ്വഹണ ഏജൻസിയായ നോർക്ക - റൂട്ട്സ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇക്കാര്യം സമയാസമയങ്ങളിൽ സർക്കാർ പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ